# മഹാത്മാഗാന്ധി സർവ്വകലാശാല

**പബ്ലിക് റിലേഷൻസ് ഓഫീസറുടെ കാര്യാലയം**

പ്രിയദർശിനി ഹിൽസ് പി.ഒ., കോട്ടയം - 686 560

ഫോൺ: 0481 - 2733298


2020 ഡിസംബർ 21

# വാർത്താക്കുറിപ്പ്

## സർവകലാശാലകളുടെ നേട്ടം വിലയിരുത്തുന്നത് സമൂഹത്തിന് നൽകിയ സംഭാവനകളിലൂടെ: ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ

സമൂഹത്തിന് നൽകുന്ന സംഭാവനകളിലൂടെയാണ് സർവകലാശാലകളുടെ നേട്ടവും വിജയവും വിലയിരുത്തപ്പെടുന്നതെന്ന് സർവകലാശാല ചാൻസലറും ഗവർണറുമായ ആരിഫ് മുഹമ്മദ് ഖാൻ പറഞ്ഞു. മഹാത്മാഗാന്ധി സർവകലാശാലയുടെ ത്രൈമാസ ന്യൂസ്‌ലെറ്റർ 'ഇൻസൈഡർ'ന്റെ പ്രകാശനം ഓൺലൈനിലൂടെ നിർവഹിച്ച് സംസാരിക്കുകയായിരുന്നു അദ്ദേഹം.

സർവകലാശാലകളുടെ ബൗദ്ധികശക്തിയുടെ കരുത്തിൽ സമൂഹം നേരിടുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ സാധിക്കും. വിജ്ഞാനത്തിന്റെ ശക്തികൊണ്ട് സമൂഹത്തിന് വഴികാട്ടിയാകാനും പുരോഗതിയിലേക്ക് നയിക്കാനും സർവകലാശാലകൾക്ക് കഴിയും. സമൂഹത്തെ സേവിക്കുക എന്നതാകണം എല്ലാ അക്കാദമിക പ്രവൃത്തികളുടെയും ലക്ഷ്യം. വിദ്യാർഥികളെ വിശ്വപൗരന്മാരായി വളർത്തണം. മികച്ച നിലവാരത്തിലേക്കുയരുന്നതിനായി സർവകലാശാലകൾ നേട്ടങ്ങൾ കൈവരിച്ചുകൊണ്ടേയിരിക്കണം. അക്കാദമികരംഗത്ത് അഭിമാനകരമായ നേട്ടങ്ങൾ സൃഷ്ടിക്കാൻ മഹാത്മാഗാന്ധി സർവകലാശാലയ്ക്ക് കഴിഞ്ഞിട്ടുണ്ടെന്ന് അദ്ദേഹം പറഞ്ഞു.

വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ് അധ്യക്ഷത വഹിച്ചു. പ്രോ-വൈസ് ചാൻസലർ പ്രൊഫ. സി.ടി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസ്, രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ്കുമാർ എന്നിവർ സംസാരിച്ചു.

## ഫോട്ടോ ക്യാപ്ഷൻ

**മഹാത്മാഗാന്ധി സർവകലാശാലയുടെ ത്രൈമാസ ന്യൂസ്‌ലെറ്റർ 'ഇൻസൈഡർ'ന്റെ പ്രകാശനം ഗവർണർ ആരിഫ് മുഹമ്മദ് ഖാൻ ഓൺലൈനായി നിർവഹിക്കുന്നു. രജിസ്ട്രാർ പ്രൊഫ. ബി. പ്രകാശ് കുമാർ, വൈസ് ചാൻസലർ പ്രൊഫ. സാബു തോമസ്, പ്രോ വൈസ് ചാൻസലർ പ്രൊഫ. സി.റ്റി. അരവിന്ദകുമാർ, സിൻഡിക്കേറ്റംഗം അഡ്വ. പി. ഷാനവാസ് എന്നിവർ സമീപം.**

(പി.ആർ.ഒ/39/1334/2020)

## പ്രാക്ടിക്കൽ

2019 നവംബറിൽ നടന്ന ബി.കോം ഓഫ് കാമ്പസ് പരീക്ഷകളുടെ പ്രാക്ടിക്കൽ ജനുവരി ഏഴ്, എട്ട് തീയതികളിൽ മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസിൽ നടക്കും. വിദ്യാർഥികൾ ഹാൾടിക്കറ്റ്, തിരിച്ചറിയൽ രേഖകൾ എന്നിവ സഹിതം എത്തണം. വിശദമായ ടൈംടേബിൾ സർവകലാശാല വെബ്സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1335/2020)

## യു.ജി./പി.ജി. പ്രൈവറ്റ് രജിസ്ട്രേഷൻ; അപേക്ഷ തീയതി നീട്ടി

മഹാത്മാഗാന്ധി സർവകലാശാല 2020-21 അധ്യയന വർഷത്തിൽ യു.ജി./പി.ജി. പ്രൈവറ്റ് രജിസ്ട്രേഷന് അപേക്ഷിക്കാനുള്ള തീയതി നീട്ടി. പിഴയില്ലാതെ ജനുവരി ഏഴുവരെയും 1050 രൂപ പിഴയോടെ ജനുവരി എട്ടുമുതൽ 11 വരെയും 2100 രൂപ സൂപ്പർഫൈനോടെ ജനുവരി 12 മുതൽ 13 വരെയും അപേക്ഷിക്കാം. പ്രൈവറ്റ് രജിസ്ട്രേഷൻ പേയ്മെന്റ് സംബന്ധിച്ച അന്വേഷണങ്ങളും പരാതികളും techsupport@mgu.ac.in എന്ന ഇമെയിൽ വിലാസത്തിൽ നൽകണം. ഫോൺ: 0481-2733681, 2731325, 2733455 (ബി.കോം), 2733427 (എം.എ., എം.കോം, എം.എസ് സി.), 2733365 (ബി.എ., ബി.കോം, എം.കോം). വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1336/2020)

## ജോബ് പോർട്ടലിലേക്ക് വിവരങ്ങൾ നൽകി

തൊഴിലന്വേഷകരെയും തൊഴിൽദാതാക്കളെയും ഒന്നിപ്പിക്കുന്ന കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസിന്റെ സംസ്ഥാന ജോബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുന്നതിനായി സർവകലാശാല വിദ്യാർഥികളുടെ വിവരങ്ങൾ നൽകിയതായി രജിസ്ട്രാർ അറിയിച്ചു. വിദ്യാർഥികളുടെ പേര്, ജനന തീയതി, ഫോൺ നമ്പർ, ഇമെയിൽ ഐഡി തുടങ്ങിയ വിവരങ്ങളാണ് സംസ്ഥാന സർക്കാരിന്റെ നൈപുണ്യ വികസന മിഷന് കീഴിലുള്ള കെ.എ.എസ്.ഇ.യ്ക്ക് നൽകിയത്.

(പി.ആർ.ഒ/39/1337/2020)

## എം.എഫ്.എ. പ്രവേശനം; അപേക്ഷിക്കാം

തൃപ്പൂണിത്തുറ ആർ.എൽ.വി. കോളേജ് ഓഫ് മ്യൂസിക് ആന്റ് ഫൈൻ ആർട്സിൽ എം.എഫ്.എ. പ്രവേശനത്തിന് അപേക്ഷിക്കാം. ഡിസംബർ 31 വരെ അപേക്ഷ സ്വീകരിക്കും. പ്രാക്ടിക്കൽ, എഴുത്ത് പരീക്ഷകളുടെയും അഭിമുഖത്തിന്റെയും അക്കാദമിക മെരിറ്റിന്റെയും അടിസ്ഥാനത്തിലാണ് പ്രവേശനം. എഴുത്ത്, പ്രാക്ടിക്കൽ പരീക്ഷ ജനുവരി നാലിന് നടക്കും. ജനുവരി അഞ്ച്, ആറ് തീയതികളിൽ അഭിമുഖം നടക്കും. റാങ്ക് പട്ടിക ജനുവരി ഏഴിന് പ്രസിദ്ധീകരിക്കും. പ്രവേശനം ജനുവരി 18, 19 തീയതികളിൽ നടക്കും. ജനുവരി 25ന് ക്ലാസുകൾ ആരംഭിക്കും. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ ലഭിക്കും.

(പി.ആർ.ഒ/39/1338/2020)

## വാർഷിക പ്രവർത്തന റിപ്പോർട്ട് നൽകണം

മഹാത്മാഗാന്ധി സർവകലാശാലയുടെ വാർഷികറിപ്പോർട്ടിലേക്ക് അഫിലിയേറ്റഡ് കോളേജുകളും പഠനവകുപ്പുകളും ഓഫീസുകളും ഗവേഷണകേന്ദ്രങ്ങളും 2020 ജനുവരി ഒന്നുമുതൽ ഡിസംബർ 31 വരെയുള്ള കാലയളവിലെ പ്രവർത്തനറിപ്പോർട്ട് നൽകണം. റിപ്പോർട്ടിന്റെ മാതൃക വെബ് സൈറ്റിൽ ലഭിക്കും. മലയാളത്തിലുള്ള റിപ്പോർട്ട് mguannualreport2020@gmail.com എന്ന ഇമെയിൽ വിലാസത്തിലേക്ക് ജനുവരി അഞ്ചിനകം നൽകണം. വിശദവിവരം സർവകലാശാല വെബ് സൈറ്റിൽ.

(പി.ആർ.ഒ/39/1339/2020)

## സീറ്റൊഴിവ്

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് കമ്പ്യൂട്ടർ സയൻസസിൽ എം.എസ് സി. കമ്പ്യൂട്ടർ സയൻസ് പ്രോഗ്രാമിൽ എസ്.സി. സംവരണ വിഭാഗത്തിൽ നാലും എസ്.ടി. സംവരണ വിഭാഗത്തിൽ രണ്ടും സീറ്റൊഴിവുണ്ട്. മഹാത്മാഗാന്ധി സർവകലാശാല അംഗീകരിച്ച ബി.എസ് സി. കമ്പ്യൂട്ടർ സയൻസ്/കമ്പ്യൂട്ടർ ആപ്ലിക്കേഷൻ/ ഐ.ടി., ബി.സി.എ. അല്ലെങ്കിൽ കമ്പ്യൂട്ടർ സയൻസ് മുഖ്യവിഷയമായുള്ള ബിരുദമാണ് യോഗ്യത. താല്പര്യമുള്ളവർ അസൽ സർട്ടിഫിക്കറ്റുകൾ സഹിതം ഡിസംബർ 24ന് രാവിലെ 11ന് സ്കൂൾ ഓഫീസിൽ ഹാജരാകണം. വിശദവിവരത്തിന് ഫോൺ: 0481-2731037, 7907460611.

(പി.ആർ.ഒ/39/1340/2020)

മഹാത്മാഗാന്ധി സർവകലാശാല സ്കൂൾ ഓഫ് സോഷ്യൽ സയൻസിൽ എം.എ. ആന്ത്രോപ്പോളജി പ്രോഗ്രാമിൽ എസ്.സി./എസ്.ടി. വിഭാഗത്തിൽ ഓരോ സീറ്റും ജനറൽ വിഭാഗത്തിൽ

രണ്ട് സീറ്റും ഒഴിവുണ്ട്. യോഗ്യരായ വിദ്യാർഥികൾ അസൽ സർട്ടിഫിക്കറ്റുകളുമായി ഡിസംബർ 23ന് രാവിലെ 11.30ന് സ്കൂൾ ഓഫ് സോഷ്യൽ സയൻസ് ഓഫീസിൽ എത്തണം.

(പി.ആർ.ഒ/39/1341/2020)

## പരീക്ഷഫലം

2019 സെപ്തംബറിൽ നടന്ന ഒന്നാം സെമസ്റ്റർ ബി.വോക് (വിവിധ പ്രോഗ്രാമുകൾ - 2018 അഡ്മിഷൻ, 2016 സ്കീം റഗുലർ, 2018ന് മുമ്പുള്ള അഡ്മിഷൻ സപ്ലിമെന്ററി) പരീക്ഷയുടെ ഫലം പ്രസിദ്ധീകരിച്ചു. പുനർമൂല്യനിർണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ജനുവരി ഒന്നിനകം സർവകലാശാല വെബ് സൈറ്റിലെ സ്റ്റുഡന്റ്സ് പോർട്ടൽ ലിങ്കിലൂടെ ഓൺലൈനായി അപേക്ഷിക്കണം.

(പി.ആർ.ഒ/39/1342/2020)

**എ. അരുൺകുമാർ**
പബ്ലിക് റിലേഷൻസ് ഓഫീസർ